**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12.10.2011-ൽ മറുപടിക്ക്**

**ചോദ്യം നം. 2888**

## അഗ്രികൾച്ചർ റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ്.<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) അഗ്രികൾച്ചർ റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. |
| ബി) എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിലാണ് അഗ്രിക്കൾച്ചറൽ റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |
| സി) ഇത് സ്ഥാപിക്കുന്നതിനുളള പണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; | സി) ആർ.കെ.വി.വൈ. പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ഈ ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഡി) കാർഷിക മേഖലയിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുകയാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം. യുവാക്കൾക്ക് കാർഷിക ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ചും പുതിയ കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുമുള്ള പഠനമാണ് ഈ കേന്ദ്രം മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**